ഓരോരുത്തർക്കും പതിനായിരം രൂപ ഗ്രാന്റായും, ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 40000 രൂപവരെ ലോണായും ലഭ്യമാക്കും. ഈ രീതിയിൽ 20000 പേരെ പുനരധിവസിപ്പിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ഇതിൽത്തന്നെ അംഗവൈകല്യം ഉള്ളവർക്കും രോഗബാധിതരായവർക്കും മുൻഗണന നൽകുന്നതാണ്. ഇതിലേക്കായി 20 കോടി രൂപ വകയിരുത്തുന്നു. ഇതുകൂടാതെ സർക്കാർ ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും ഫോൺ ബൂത്ത്, കോഫി വെൻഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ചെയ്തു കൊടുക്കുന്നതാണ്.

121. അഭ്യസ്തവിദ്യരായ വനിതകൾക്ക് ആരോഗ്യമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീയിൻകീഴിൽ 'സാന്ത്വനം' എന്ന ഒരു നൂതന സംരംഭം ആരംഭിക്കുന്നതാണ്. ഈ പദ്ധതിപ്രകാരം പരിശീലനം സിദ്ധിച്ച വനിതകളുടെ സേവനം ഉപയോഗപ്പെടുത്തി പതിവായി രക്തപരിശോധനയും രക്തസമ്മർദ്ദ പരിശോധനയും ആവശ്യമായിവരുന്ന വൃദ്ധജനങ്ങൾക്കും മറ്റ് രോഗികൾക്കും അവരവരുടെ വീടുകളിൽതന്നെ കുറഞ്ഞ ചെലവിൽ ഈ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തുന്നു.

തൊഴിൽ

122. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്ന മാതൃകാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി ഉയർത്തുന്നതാണ്.

123. തൊഴിലാളികളുടെ, പ്രത്യേകിച്ച് തോട്ടം തൊഴിലാളികളുടെ, ക്ഷേമം ലാക്കാക്കി വിവിധതരം പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ മാതൃകാ ഭവനനിർമ്മാണ പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

124. തൊഴിൽപരിശീലനവകുപ്പിന്റെ കീഴിലുള്ള കാസർഗോഡ് ഗവൺമെന്റ് ഐ.ടി.ഐ. ഒന്നാം ഗ്രേഡ് ഐ.ടി.ഐ.-യായി ഉയർത്തുന്നതാണ്.

125. 2005-06 വർഷത്തിൽ തൊഴിൽ-ആരോഗ്യം സംബന്ധിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് സർവ്വേ നടത്തുന്നതാണ്.

126. ആട്ടോമൊബൈൽ വ്യവസായ മേഖലയിൽ ആധുനീകരണത്തിന്റെ ഫലമായി സാങ്കേതികമികവുള്ള വാഹനങ്ങളുടെ പുതിയ ശ്രേണി ഇന്ന് കേരളത്തിലെ നിരത്തുകളിൽ വ്യാപകമാണ്. സംസ്ഥാനത്തെ ഐ.റ്റി.ഐ.-കളിൽനിന്നും പോളിടെക്നിക്കുകളിൽനിന്നും സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിവരുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഇത്തരം പുതിയ ശ്രേണിയിൽപ്പെട്ട വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര പരിചയമില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആട്ടോമൊബൈൽ സർവ്വീസ് സെന്ററുകളിലെ പ്രതിനിധികളുമായി

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ കാര്യം ചർച്ച ചെയ്തു. ഇതിൽ താൽപ്പര്യമുള്ളവരെ ഈ മേഖലയിലെ ആധുനിക ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും അവ കൈകാര്യം ചെയ്യുന്നതിന് സാഹചര്യമുണ്ടാക്കുകയും ചെയ്യുന്നതിനും തെരഞ്ഞെടുക്കുന്ന ആട്ടോമൊബൈൽ സർവ്വീസ് സെന്ററുകളിൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിലെ വ്യവസായികളുടെ സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവർക്ക് സ്വന്തം വർക്ക് ഷോപ്പുകൾ ആരംഭിക്കുന്നതിനോ സർവ്വീസ് സെന്ററുകളിൽ തൊഴിൽ നേടുന്നതിനോ ഉള്ള അവസരം വിഭാവനം ചെയ്യുന്നതാണ്.

പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾ

പ്രാദേശിക സ്വയംഭരണ സർക്കാരുകൾ

127. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉപാധിരഹിത ഗ്രാന്റ് 1375 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണം തുടങ്ങിയതിനുശേഷം ആദ്യമായി പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്ക് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പേ തന്നെ പദ്ധതി ആവിഷ്ക്കരിക്കുന്നതിനു കഴിയുമെന്ന സവിശേഷത ഇത്തവണ വിഭാവനം ചെയ്യുന്നു. അതായത് തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിന് ആദ്യമായി 12 മാസവും പൂർണ്ണമായി ലഭിക്കുന്നു.

128. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുകളുടെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിനുപരിയായി ഗ്രാമപഞ്ചായത്തുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് 40 കോടി രൂപയും നഗരസഭകളുടെയും മുനിസിപ്പാലിറ്റികളുടെയും സേവനം മെച്ചപ്പെടുത്തുന്നതിന് 10 കോടി രൂപയും ഞാൻ നീക്കിവയ്ക്കുന്നു.

129. നടപ്പുവർഷം തുടങ്ങിയ സ്ഥാപനവൽക്കരണ ഉദ്യമങ്ങൾ പൂർത്തീകരിക്കുന്നതിന് 38.34 കോടി രൂപ ചെലവിൽ ഭരണനവീകരണ പദ്ധതിയിൽപ്പെടുത്തി 23 പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളിൽ ഒക്ടോബർ ആദ്യം പുതിയ ഭരണസമിതി നിലവിൽ വരുമ്പോൾ പുതിയ നടപടിക്രമങ്ങളും പദ്ധതികളും പ്രായോഗികതലത്തിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

130. തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ ഗ്രാമനഗര വ്യത്യാസമില്ലാതെ ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന അപൂർവ്വ സ്ഥിതിവിശേഷം കേരളത്തിനുണ്ട്. SGRY, SGSY, IAY, IWDP, CRSP-TSC, SJSRY, VAMBAY എന്നീ 7 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 82.16 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി 234 കോടി രൂപ കേന്ദ്രസഹായമായി വിഭാവനം ചെയ്യുന്നു.

131. ഭരണച്ചെലവും മെയിന്റനൻസ് ചെലവും വഹിക്കുകയെന്നത് തദ്ദേശസ്ഥാപനങ്ങളുടെ ദീർഘകാലമായുള്ള പ്രശ്നമാണ്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഏതാവശ്യത്തിനും ഉപയോഗിക്കാവുന്ന ജനറൽ പർപ്പസ് ഗ്രാന്റായി 255.59 കോടി രൂപയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള പൊതു ആസ്തികളുടെ മെയിന്റനൻസിനായി 401.64 കോടി രൂപയും നീക്കിവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly